# വെയില് തന്ന കുട

വെയിലു തന്ന
കുട പിടിച്ച്
കുന്നുകേറി
പോയനേരം
കുരുവിയെത്തി
കാതിലെന്തോ
പറഞ്ഞേ പോയി

* * * * * *

കല്ലുമെത്ത,
മുള്ളുമെത്ത
കുന്നുകേറി
പോയിടുമ്പോൾ
തണലൊരുക്കാൻ
മരമൊരെണ്ണം
നട്ടു പോന്നൂടെ!

* * * * * *

മഴയോടൊപ്പം
കാറ്റുവന്നാൽ
കടപുഴകി-
പ്പോയിടാതെ
തറയൊരുക്കാൻ
മണ്ണൊരല്പം
കൊണ്ടുപായ്ക്കൂടെ ?

* * * * * *

മരക്കൊമ്പിൽ
കൂടൊരുക്കാൻ

കൂട്ടരെ വി-
ളിച്ചുണർത്താൻ
ഒരു കിളിയെ-
ക്കൂടി കൂടെ
കൊണ്ടുപൊയ്ക്കൂടെ ?

* * * * * *

മണ്ണുകൊണ്ടോയ്
മലയൊരുക്കി
മരം കൊണ്ടോയ്
തണലൊരുക്കി
മരക്കൊമ്പിൽ
കൂടൊരുക്കി
തിരിച്ചനേരം

* * * * * *

ചിറകടിച്ചു
കിളിചിലച്ചു
പടിഞ്ഞാറൻ
കാറ്റടിച്ചു
മനസ്സിനുള്ളിൽ
കുളിരുകോരി
മഴ ചൊരിഞ്ഞു.

* * * * * *

മല നനഞ്ഞു
മണ്ണുടഞ്ഞു
വിത്തുതിർന്നു
മുളകിളിർത്തു.
മനസ്സിനുള്ളിൽ
മലയോളം
സുഖം നിറഞ്ഞു!!